## അര നൂറ്റാണ്ടിനു ശേഷം ജലമൊഴുകുന്നു നടപുണിയുടെ സ്വപ്നങ്ങൾ കതിരണിയുന്നു

അഞ്ച് പതിറ്റാണ്ടിന്റെ കാത്തിരിപ്പിനൊടുവിൽ നടപുണിയുടെ കനാൽ വഴികളിലൂടെ കർഷകർക്കായി ജലമൊഴുകിയെത്തി. നിണവാഹകരായ നാഡീ വ്യൂഹത്തെപ്പോലെ കനാലുകളിലൂടെ ജലമെത്തുമ്പോൾ പുതുജീവൻ പകർന്ന് ലഭിക്കുന്നത് ഈ കാർഷിക മേഖലയ്ക്കാണ്, ഒപ്പം അവരുടെ ജീവന്റെ വിലയുള്ള കൃഷിക്കും. ഒരു കാലത്ത് നിറഞ്ഞൊഴുകിയിരുന്ന കല്ല്യാണകൃഷ്ണയ്യർ അനുബന്ധ കനാലുകൾ വരണ്ടുണങ്ങിക്കിടക്കാൻ തുടങ്ങിയിട്ട് വർഷം അമ്പത് കഴിഞ്ഞു. ഈ മേഖലയിലെ  കൃഷിയെ അത് സാരമായി ബാധിക്കുകയും ചെയ്തിരുന്നു. രണ്ടായിരം ഏക്കർ കൃഷി സ്ഥലം എഴുപത്തി അഞ്ച് ഏക്കറായി ചുരുങ്ങിയെന്ന് പറഞ്ഞാൽ മനസ്സിലാക്കാനാകും ഈ പ്രദേശത്ത് ജലലഭ്യതയുടെ കുറവ് ഏല്പിച്ച ആഘാതം. കാർഷിക മേഖലയിൽ ഉത്സവച്ഛായ പകർന്ന് ഒരു തിരിച്ചു വരവിന് തുടക്കം കുറിക്കുകയാണ് നടപുണിയും സമീപ പ്രദേശങ്ങളും ഇന്ന് തമിഴ് നാട്ടിലെ പൊള്ളാച്ചി വഴി ഒഴുകി വരുന്ന കോരയാറും വരട്ടയാറുമാണ് അതിർത്തി ഗ്രാമമായ ഇവിടേയ്ക്ക് ജലമെത്തിക്കുന്നത്. വടകരപതി, എരുത്തംപതി, കൊഴിഞ്ഞമ്പാറ പഞ്ചായത്തുകളിലൂടെ ഒഴുകുന്ന ഈ പുഴകളിൽ നിന്നും വെള്ളം ലഭ്യമാക്കുന്നതിന് ഒമ്പതോളം തടയണകൾ ഒരു നൂറ്റാണ്ട് മുമ്പ് തന്നെ നിർമ്മിച്ചിരുന്നു. അന്നത്തെ സാങ്കേതിക വിദ്യയനുസരിച്ച് സുർക്കി മിശ്രിതങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ഈ തടയണകൾ നൂറ്റാണ്ടിനു ശേഷവും യാതൊരു കേടുപാടുകളും ഇല്ലാതെ അത്ഭുതമായി നിലനില്ക്കുന്നുണ്ട്. ഈ തടയണക്കൂട്ടത്തിൽ ഉൾപ്പെടുന്ന നടപുണിയിലെ കല്ല്യാണകൃഷ്ണയ്യർ അനുബന്ധ കനാൽ ശൃംഘലയിലൂടെയാണ് അർദ്ധ ശതക കാലഘട്ടത്തിനു ശേഷം വീണ്ടും ജലം ഒഴുകാൻ തുടങ്ങിയത്.

അണ്ണൈ ചെട്ടിയാർ എന്ന പൊള്ളാച്ചി സ്വദേശിയാണ് ആദ്യ കാലത്ത് ഈ പ്രദേശത്ത് കൃഷിക്ക് തയ്യാറായത്. തടയണ ഉൾപ്പെടെ ജലസേചന സൌകര്യം ഒരുക്കൽ ആരംഭിച്ചതും അണ്ണൈ ചെട്ടിയാരുടെ  കാലത്ത് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനും കാൽ നൂറ്റാണ്ടിന് മുമ്പ് അതായത് 1920 -ൽ ഈ പ്രദേശത്ത് കൃഷി കല്ല്യാണ കൃഷ്ണ അയ്യർ സ്വന്തമാക്കി. കാർഷിക അഭിവൃദ്ധിക്കായി കനാൽ ശൃംഖല വികസിപ്പിച്ചെടുത്ത് അദ്ദേഹത്തിന്റെ കാലത്താണ്. അതോടുകൂടിയാണ് ഇതിന് കലാ കൃഷ്ണ അയ്യർ തടയണയും അനുബന്ധ കനാൽ ശൃംഖലയെന്നും നാമകരണം ചെയ്യപ്പെട്ടത്. അന്നും പ്രതിസന്ധികൾ ഏറെയായിരുന്നു. ഈ മേഖലയിലെ വരണ്ട കാലാവസ്ഥ തന്നെ ഒരു കാരണം, അതിനേക്കാൾ പ്രധാനം പാറക്കൂട്ടങ്ങളാൽ നിറഞ്ഞതായിരുന്നു പുഴയെന്നതാണ്. ജലം സംഭരിക്കാനാകാത്ത അടിത്തട്ട്, മഴ കുറഞ്ഞ വൃഷ്ടി പ്രദേശവും. ഈ വെല്ലുവിളികൾ മറികടന്നാണ് ഈ മേഖലയെ ഹരിതാഭവും കാർഷിക അഭിവൃദ്ധിയുമുള്ള പ്രദേശമാക്കി മാറ്റാൻ കല്ലാണ കൃഷ്ണ അയ്യർക്ക് കഴിഞ്ഞുവെന്നത് ചരിത്ര ഗാഥയായി ഇന്നും നിലനില്ക്കുന്നു.

കർമ്മ നിരതരായ ഒരുകൂട്ടം കർഷകരായിരുന്നു കല്ല്യാണകൃഷ്ണയ്യരുടെ ഏറ്റവും വലിയ ബലം. അതുകൊണ്ടു തന്നെ കൃഷി 2000 ഏക്കർ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറയുകയും കാലാന്താരേണ ലോകത്തിനു തന്നെ വൻ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തത് നടപുണിയിലെ കൃഷിയേയും കാര്യമായി ബാധിച്ചു. മുന്നിൽ നിന്ന് നയിക്കാൻ ആളില്ലാതായതോടെ ഈ ഭാഗത്തെ കൃഷി ക്രമേണ കുറഞ്ഞുതുടങ്ങി. പതുക്കെ കനാൽ വഴികളിൽ നീരൊഴുക്ക് അവസാനിച്ചു. കൃഷിയിടം ചുരുങ്ങി വെറും 75 ഏക്കറിൽ എത്തിച്ചേരുകയും ചെയ്തു. മഴനിഴൽ പ്രദേശമായിതിനാൽ മഴയും തന്മൂലം ജലലഭ്യതയും ഇവിടെ കുറവാണ്. താപനിലയാവട്ടെ ഉയർന്നതും, എരുത്തംപതി പഞ്ചായത്ത് സംസ്ഥാനത്തെ തന്നെ പ്രധാന വരൾച്ചാ പ്രദേശമായി അടയാളപ്പെടുത്താൻ ഇതൊക്കെ തന്നെ മതിയായ കാരണങ്ങളാണ്.

പറമ്പിക്കുളം ആളിയാർ കരാറിലേർപ്പെട്ട ചിറ്റൂർ പുഴ പദ്ധതിയുടെ വലതുകര കനാലിൽ കൂടി ഒഴുകുന്ന ജലമാണ് കൃഷിക്ക് കുറച്ചുകാലമായി ഉപയോഗിക്കുന്നത്. എന്നാൽ ഇങ്ങനെ ലഭിക്കുന്ന ജലത്തിന്റെ അളവ് പരിമിതമായിരുന്നു. ഭൂഗർഭ ജലത്തെ കൃഷിക്കായി ഉപയോഗപ്പെടുത്തുക എന്ന അവസ്ഥയിലേയ്ക്ക് ഇത് കർഷകരെ തള്ളിവിട്ടു. ഭൂഗർഭ ജലത്തിന്റെ ഉപയോഗം അനിയന്ത്രിതമായതോടെ പ്രദേശത്തെ ജലക്ഷാമം രൂക്ഷമാകുകയും ചെയ്തു. ഒരു കാലത്ത് മൂന്ന് വിള കൃഷി നടന്ന സ്ഥലമാണ്, ഇന്നുള്ളത് ഒരു വിള കൃഷി മാത്രം. അതേ സമയം ധാതുസംമ്പുഷ്ടമായ മണ്ണ് ഇന്നും കൃഷിക്ക് ഏറെ അനുയോജ്യമാണ്. ഇക്കാരണത്താലാണ് ഇവിടത്തെ കൃഷി ഇന്നും നിലനില്ക്കുന്നത്. നഷ്ടമായ തങ്ങളുടെ കാർഷിക ഗരിമ തിരികെപ്പിടിക്കാനുള്ള പരിശ്രമത്തിലാണ് ഇന്ന് ഇവിടത്തെ കർഷകർ. കൃഷിക്കാവശ്യമായ ജലം വീണ്ടും ലഭിച്ചു തുടങ്ങിയത് ഇവർക്ക് പുത്തനുണർവ് നല്കിയിട്ടുണ്ട്. തുടർന്ന് കർഷകരുടെ നിരന്തര അഭ്യർത്ഥനകൾ പരിഗണിച്ച ജലവിഭവ വകുപ്പ് ഈ കനാലുകളിലൂടെ ജലം വീണ്ടും ഒഴുക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ ആരംഭിച്ചു. കോവിഡ് കാലത്ത് മന്ത്രി നേരിട്ട് തന്നെ സ്ഥലം സന്ദർശിക്കുകയും പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു. കല്ല്യാണ കൃഷ്ണയ്യർ തടയണയിൽ നിന്ന് 9500 മീറ്റർ കനാൽ അറ്റകുറ്റ പണികൾ പൂർത്തിയാക്കി പുനരുജ്ജീവിപ്പിച്ചു. അതിലൂടെ വീണ്ടും നീരണിഞ്ഞു തുടങ്ങുകയും ചെയ്തു. സമയബന്ധിതവും കാര്യക്ഷമവുമായി പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങിയപ്പോൾ പദ്ധതിക്കാവശ്യമായ ചെലവ് അഞ്ച് ലക്ഷം രൂപയ്ക്ക് താഴെ പരിമിതപ്പെടുത്താനും കഴിഞ്ഞു.

കനാൽ ആരംഭിക്കുന്ന നീർച്ചാൽ പ്രവർത്തന ക്ഷമമാക്കി മാറ്റി കനാൽ ശൃഖലയുടെ പാർശ്വഭിത്തിയും അടിത്തട്ടും മറ്റും സാമ്പ്രദായിക സാങ്കേതിക വിദ്യയുപയോഗിച്ചു തന്നെ വൃത്തിയാക്കി കാട് വെട്ടിത്തെളിക്കുകയും മണ്ണ് നീക്കം ചെയ്യുകയും ചെയ്തു. മണൽ ചാക്ക് അടുക്കി ജലനിർഗ്ഗമനം സുഗമമാക്കുകയും

ചെയ്തു. ബ്രാഞ്ച് കനാലുകളെ ഇതുമായി ബന്ധപ്പിക്കുന്നതിനുള്ള തടസ്സങ്ങളും നീക്കം ചെയ്തു. പ്രധാന നീർപ്പാലം തടസ്സംമാറ്റി വൃത്തിയാക്കുകയും ചെയ്തതിലൂടെ തടയണയിൽ നിന്നും ഒമ്പത് കിലോമീറ്റർ സഞ്ചരിച്ച് രഘുനാഥ സിസ്റ്റം വഴി വീണ്ടും അടുത്ത പദ്ധതിയിൽ എത്തിച്ചേരുന്ന അവസ്ഥ സംജാതമായി. ഇത്തരത്തിലുള്ള ഒമ്പത് പദ്ധതികൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് തയ്യാറായി വരുന്നത്. അതിന്റെ തുടക്കം മാത്രമാണ് നടപുണിയുടെ മണ്ണിൽ ആരംഭിച്ചത്.

ഈ പദ്ധതിയുടെയും അനുബന്ധ തടയണകളുടെയും പുനരുജ്ജീവനത്തിലൂടെ ജലസാക്ഷരതയുടെ ഒരു നവ അദ്ധ്യായം തുറക്കുകയും ഒരു വിജയമാതൃക സംസ്ഥാനത്തിന് സമർപ്പിക്കുകയുമാണ് ജലവിഭവ വകുപ്പ് ലക്ഷ്യമിടുന്നത്. ബാക്കിയുള്ള എട്ട് തടയണകളുടെയും ജലവിതരണ സംവിധാനത്തിന്റെയും പുനരുജ്ജീവനത്തിനായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാന വ്യാപകമായി ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിനെ കുറിച്ചും പഠിക്കുന്നുണ്ട്.

പഴയ കാല ജലസേചന പദ്ധതികളുടെ ഓർമ്മകൾ പേറുന്ന ചെറുജനസമൂഹം സംസ്ഥാനത്ത് പലയിടത്തുമുണ്ടാകും. ഒരു നാട്ടിലെ തോടുകളുടെയും നീർച്ചാലുകളുടെയും ചരിത്രവും ശാസ്ത്രവും അറിയുന്നവർ പ്രദേശവാസികളായ പ്രായമുള്ള കർഷകർ ആയിരിക്കും. അവരുടെ ഓർമ്മകളേയും അനുഭവ സമ്പത്തിനേയും കൂട്ടുപിടിച്ച് അപ്രത്യക്ഷമായ കനാലുകൾ, അരുവികൾ എന്നിവ പുനരുജ്ജീവിപ്പിക്കുകയും ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ കാർഷിക ഗരിമ തിരികെ പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ജലസേചന വകുപ്പ് പ്രാധാന്യം നല്കുന്നത്. ജലസേചനം കർഷകർക്ക് എന്ന അടിസ്ഥാന തത്വം പ്രാവർത്തികമാക്കുന്നതിനുള്ള നിരവധി നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

നിലവിലുള്ള ജലസ്രോതസ്സുകൾ കൂടാതെ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് നൂതനമായ ശാസ്ത്രീയ കൃഷി രീതികളും ജലസംരക്ഷണത്തിനായി കണികാ ജലസേചനവും ആവിഷ്കരിച്ചു. ഈ പ്രവർത്തനങ്ങളിലും സജീവമാണ് കേരളത്തിന്റെ നെല്ലറയായ പാലക്കാട് എന്നത് എടുത്തു കാട്ടേണ്ട വസ്തുതയാണ്. നവീകരിച്ച മൂലത്തറ റഗുലേറ്റർ നാടിന് സമർപ്പിച്ചത് അടുത്തിടെയാണ്. മേഖലയിലെ കർഷകരുടെ ഏറെ നാളായുള്ള ആവശ്യമായിരുന്നു മൂലത്തറ റഗുലേറ്റർ. മൂന്നര ദശകത്തിന് ശേഷം സംസ്ഥാനത്ത് തുടങ്ങുന്ന അട്ടപ്പാടി ജലസേചന പദ്ധതിയും കാരപ്പാറ കുരിയാർകുറ്റ പദ്ധതി നിലനിർത്തി ബദൽ സംവിധാനത്തിലൂടെ ജലം ലഭ്യമാക്കാനുള്ള (എസ്.എ.കെ.കെ.ഐ.പി) എന്ന പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള നടപടിയും വരും കാലങ്ങളിൽ പാലക്കാടിന്റെ കാർഷിക മുഖമുദ്രയ്ക്ക് തിളക്കം കൂട്ടും.

കൃഷിയിലേയ്ക്ക് കർഷകരെ തിരികെയെത്തിക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നല്കുന്നത്. ഇതോടൊപ്പം പ്രാദേശിക വിനോദ സഞ്ചാരവും പ്രളയനിവാരണവും അനുബന്ധ ഗുണങ്ങളായി മാറ്റുവാനും പരിശ്രമിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ജനകീയ കൂട്ടായ്മകളും, കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളും സംയുക്തമായി ഏറ്റെടുത്താൽ രാജ്യത്തെ തന്നെ മികച്ച കാർഷിക ജലസേചന മാതൃക സൃഷ്ടിച്ചു നല്കാൻ നമുക്ക് കഴിയും. ഉപജീവനം മാത്രമല്ല ഒരു അനുഭവം കൂടിയാണ് കൃഷിയെന്നും അതിലുടെ നാടിനെ പൂർവ്വകാല കാർഷിക സമൃദ്ധിയിലേയ്ക്ക് തിരിച്ചുപിടിക്കാനുമുള്ള ഈ പരിശ്രമങ്ങൾക്ക് ബഹു.മന്ത്രി കെ. കൃഷ്ണൻകുട്ടി നേരിട്ടു തന്നെ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. ദീർഘവീക്ഷണത്തോടെയും, വ്യക്തമായ ദിശാബോധത്തോടെയുമുള്ള പ്രവർത്തനങ്ങളിലൂടെയും പാരിസ്ഥിതിക സമനില വീണ്ടെടുത്ത് പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ കതിരണിഞ്ഞ പാടങ്ങളും നീരൊഴുക്കുള്ള തോടുകളും ഇവിടെ നമുക്ക് പുനർജനിപ്പിക്കാം.

അതിലെ ആദ്യ അധ്യായമായി നടപുണിയുടെ വിജയഗാഥ എഴുതിച്ചേർക്കുമെന്ന് പ്രതീക്ഷിക്കാം.

ഡി. ബിജു
ചീഫ് എഞ്ചിനീയർ

